LIBRARY ARCHIVES Kerala Legislative Assembly

സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിൽ ഇല്ലാതിരുന്ന 22 നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് കരുനാഗപ്പള്ളി നിയോജകമണ്ഡലം. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തുകയും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തികസഹായം അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാനുള്ള കെട്ടിടം കണ്ടെത്തി സർക്കാരിനെ അറിയിക്കുവാനും ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ. യോട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അർദ്ധ ഔദ്യോഗിക കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തൽ, കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കൽ, ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാനുള്ള കെട്ടിടം കണ്ടെത്തൽ തുടങ്ങിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കത്തിലെ നിർദ്ദേശങ്ങൾക്ക് ഒരുക്കമാണെന്നും അതനുസരിച്ച് നിർദ്ദിഷ്ട കോളേജ് നിർമ്മാണത്തിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി 6-10-2015-ൽ സമർപ്പിച്ചെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ തീരുമാനം മാറ്റിവയ്ക്കുകയായിരുന്നു. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

8. അരുവിക്കര ഡാം റിസർവോയർ മാലിന്യമുക്തമാക്കൽ

<u>ശ്രീ. കെ. എസ് ശബരീനാഥൻ</u>: സർ, തിരുവനന്തപുരം നഗരത്തിന്റെ ജല സ്രോതസ്സാണ് അരുവിക്കര ഡാം. നഗരത്തിലേക്കും നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്കും ഭരണസിരാകേന്ദ്രങ്ങളിലേയ്ക്കും കുടിവെള്ളം എത്തുന്നത് ഈ ഡാമിൽ നിന്നാണ്. നഗരത്തിന്റെ ജീവിതചര്യയുടെ ഗതി നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് അരുവിക്കര ഡാമിൽനിന്നും എത്തുന്ന കുടിവെള്ളത്തിന് തന്നെയാണ്. ഇപ്പോൾ ഡാമിലും ജലസംഭരണിയിലും പായൽ, പ്ലാസ്റ്റിക്ക്, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ എന്നിവ അടിഞ്ഞുകൂടുകയും പല ഭാഗങ്ങളിലും താമരയും കോരപ്പുല്ലും കൊണ്ട് മൂടപ്പെട്ടിരിക്കുകയുമാണ്. ഇതുകാരണം നാല് ചതുരശ്ര കിലോമീറ്റർ ശേഷിയുള്ള ഡാമിന്റെ സംഭരണശേഷി കുറഞ്ഞിരിക്കുകയാണ്. അതോടൊപ്പം മേൽപ്പറഞ്ഞ കാരണങ്ങളാൽ നഗരത്തിൽ

ലഭിക്കുന്ന കടിവെള്ളത്തിന്റെ ശുദ്ധതയെക്കുറിച്ച് ചില ആശങ്കകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നിരുന്നു. ഈ സാഹചര്യം മുന്നിൽക്കണ്ട് ജലസംഭരണിയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കി ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണ മെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അരുവിക്കര ഡാമിന്റെ വൃഷ്ടിപ്രദേശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും മണലും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ ആഴം കൂട്ടുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് മിനറൽ ഡിപ്പാർട്ടുമെന്റ് നടത്തിയ പഠന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചത് പരിശോധിച്ച് വരികയാണ്. റിസർവോയറിൽ അടിഞ്ഞുകൂടിയ പായലും മറ്റ് കളകളും അടിയന്തരമായി മാറ്റുവാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

9. പുല്ലൂർ കശുവണ്ടി ഫാക്ടറി

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പുല്ലൂർ കശുവണ്ടി ഫാക്ടറി കാഷ്യു ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയാണ്. അത് ഏതാനും നാളുകളായി അടഞ്ഞുകിടക്കുകയാണ്. മിനിമം കൂലി 30 ശതമാനം വർദ്ധനവോടെ നടപ്പാക്കിയെങ്കിലും കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് 800-ഓളം തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. ഈ കശുവണ്ടി ഫാക്ടറി അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ മാത്രമല്ല, കശുവണ്ടി വികസന കോർപ്പറേഷന്റെ എല്ലാ ഫാക്ടറികളും ഏതാനും മാസങ്ങളായി അടഞ്ഞു കിടക്കുകയാണ്. അതിന്റെ കാരണങ്ങൾ സഭ ചർച്ച ചെയ്തിട്ടുള്ളതിനാൽ ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ചില തീരുമാനത്തിൽ എത്തിയിട്ടുണ്ട്. ജനുവരി മാസത്തിനകം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. അതിന്റെ ഭാഗമായി മെമ്പർ സൂചിപ്പിച്ച ഫാക്ടറിയും തുറന്ന് പ്രവർത്തിക്കും.

10. C-APT-നെ അഴിമതി മുക്തമാക്കൽ

ശ്രീ. ബി. സത്യൻ: സർ, രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥയെ

LIBRARY ARCHIVES Kerala Legislative Assembly